(സി) നിലവിലുള്ള നിയമങ്ങൾ പാലിക്കാത്ത കച്ചവടക്കാർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) സ്റ്റോക്കും വിലവിവരപ്പട്ടികയും പ്രദർശിപ്പിക്കണമെന്ന് നിത്യോപയോഗ സാധന നിയമത്തിൻ കീഴിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകളിൽ അനുശാസിക്കുന്നുണ്ട്. ഈ ഉത്തരവുകൾ കർശനമായി നടപ്പിലാക്കാനുള്ള നടപടികൾ സിവിൽസപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയിലെ ഹോംസയൻസ് ഫോറസ്ട്രി എന്നിവയുടെ ഫാക്കൽറ്റി രൂപീകരണം

* 424. [452] ശ്രീ.ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ഹോംസയൻസ്, ഫോറസ്ട്രി എന്നിവയുടെ ഫാക്കൽറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

തൊട്ടിൽപാലത്ത് മാവേലി സ്റ്റോർ

1583. [2351] ശ്രീ.കെ.ടി.കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊട്ടിൽപാലത്ത് മാവേലിസ്റ്റോർ തുറക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഗ്രാമപ്രദേശങ്ങളിൽ മാവേലിസ്റ്റോറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയാണുള്ളത്. അതിനാൽ തൊട്ടിൽപ്പാലത്ത് മാവേലിസ്റ്റോർ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

വളയം ചുഴലിയിൽ പുതിയ റേഷൻ ഷാപ്പ്

1584. [2352] ശ്രീ.കെ.ടി.കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വളയംചുഴലി പ്രദേശത്ത് പുതിയ ഒരു റേഷൻഷോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം ജില്ലാ കളക്ടറുടെ അന്വേഷണത്തിലാണ്.

ഓണച്ചന്തയിൽക്കൂടി വിറ്റ സാധനങ്ങൾ

1585. [2353] ശ്രീ കാനം രാജേന്ദ്രൻ :

കെ.പി. പ്രഭാകരൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ആർ.ചന്ദ്രമോഹനൻ :

,, എം.കെ.കേശവൻ :

,, കെ.ടി.കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഓണക്കാലത്ത് ഓണച്ചന്തകളിൽക്കൂടി ഏതെല്ലാം സാധനങ്ങളാണ് വിൽപ്പന നടത്തിയത് ;

(ബി) ഓണച്ചന്തകൾ മുഖേന സിവിൽസപ്ലൈസ് കോർപ്പറേഷന് ഉണ്ടായ ലാഭം എത്ര ?

ഉത്തരം

(എ) അരി, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, ശർക്കര, വെളിച്ചെണ്ണ മുതലായവയും പച്ചക്കറികളുമാണ് ഓണച്ചന്തകളിൽക്കൂടി വിൽപ്പന നടത്തിയത്.

(ബി) കഴിഞ്ഞ ഓണച്ചന്തകളുടെ ലാഭനഷ്ടക്കണക്കുകൾ തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ല.

ഇറക്കുമതി ചെയ്ത അരി

1586. [2354] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84 1984-85, 1985-86 എന്നീ കൊല്ലങ്ങളിൽ ഇറക്കുമതി ചെയ്ത അരിയുടെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

1982-83 മുതൽ 1985-86 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ അരി ഇറക്കുമതി ചെയ്തിട്ടില്ല.

മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ മൊത്ത വിൽപ്പന

1587. [2355] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിലും ഈ വർഷം 25-10-1986 വരെയും, സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻകടകളിലൂടെയും, മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനായി വാങ്ങിയ അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ സാധനങ്ങൾ മൊത്തമായി സഹകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും വിൽക്കുകയുണ്ടായോ ;

(ബി) എങ്കിൽ, ഓരോ വ്യക്തിക്കും, സ്ഥാപനത്തിനും മേൽപ്പറഞ്ഞ കാലത്തു വിറ്റ സാധനങ്ങളുടെ വിലവിവരം നൽകാമോ ;

(സി) പ്രസ്തുത സാധനങ്ങൾക്ക്, കോർപ്പറേഷന് ഇവിടെ എത്തിക്കുന്നതിനു വേണ്ടിവന്ന ആകെ ചെലവ് എത്രയാണ് ;

(ഡി) എത്ര സംഖ്യക്കാണ് വിറ്റത് ;

(ഇ) ഇതുമൂലം വന്ന നഷ്ടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly